"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് -ജീവനക്കാര്യം- കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് (ജൂനിയർ ടൈം സ്കെയിൽ) ട്രെയിനി തസ്തികയിൽ നിയമനം ലഭിച്ച ഗ്രാമവികസന വകുപ്പിലെ 4 ഉദ്യോഗസ്ഥർക്ക് വകുപ്പിൽ നിന്നും വിട്ടുതൽ നല്കിയ ഗ്രാമവികസന കമ്മീഷണറുടെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.964/2022/LSGD** **തിരുവനന്തപുരം, തീയതി: 18-04-2022**

പരാമർശം: 1) ഗ്രാമവികസന കമ്മീഷണറുടെ 16.12.2021-ലെ 2018/എസ്റ്റാ.എ 1 / 21/ സി.ആർ.ഡി, 18.12.2021-ലെ 2055/എസ്റ്റാ.എ 1/21/സി.ആർ.ഡി , 16.12.2021-ലെ2027/എസ്റ്റാ.എ 1/21/സി.ആർ.ഡി,18.12.2021-ലെ 2073/എസ്റ്റാ. എ 1/21/ സി.ആർ.ഡി നമ്പർ നടപടിക്രമങ്ങൾ

2) ഗ്രാമവികസന കമ്മീഷണറുടെ 12.01.2022-ലെ 2018/എസ്റ്റാ.എ 1/2021/ സി.ആർ.ഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് ( ജൂനിയർ ടൈം സ്കെയിൽ ) ട്രെയിനി തസ്തികയിൽ കേരള പി എസ് സി മുഖേന നിയമനം ലഭിച്ച ഗ്രാമവികസന വകുപ്പിലെ ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥർക്ക് സർക്കാർ സാധൂകരണത്തിനു വിധേയമായി വകുപ്പിൽനിന്ന് വിട്ടുതൽനൽകി പരാമർശം(1) പ്രകാരം ഉത്തരവായിരുന്നു.

| ക്രമ നം | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീ.സനോബ്.എസ് | ഡെപ്യൂട്ടി ഡവലപ്മെന്റ് കമ്മീഷണർ |
| 2 | ശ്രീ.സിജു തോമസ് | ഡെപ്യൂട്ടി ഡവലപ്മെന്റ് കമ്മീഷണർ |
| 3 | ശ്രീമതി .സൂര്യ എസ്. ഗോപിനാഥ് | അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ |
| 4 | ശ്രീ.രാകേഷ്. ഇ. ടി | അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ |

പ്രസ്തുതനടപടിയ്ക്ക് സാധൂകരണം നൽകണമെന്ന് പരാമർശം (2)പ്രകാരം ഗ്രാമവികസന കമ്മീഷണർ ശിപാർശ നൽകിയിട്ടുണ്ട്.

കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് ട്രെയിനി തസ്തികയിൽ കേരള പി എസ് സി മുഖേന നിയമനം ലഭിച്ച ഗ്രാമവികസന വകുപ്പിലെ മേൽ പരാമർശിത ഉദ്യോഗസ്ഥരെ സർക്കാർ സാധൂകരണത്തിനു വിധേയമായി വകുപ്പിൽനിന്ന് വിട്ടുതൽനൽകിയ ഗ്രാമവികസന കമ്മീഷണറുടെ നടപടിക്ക് സാധൂകരണം നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പ്രീത കെ.എസ്.**

**ജോയിന്റ് സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂമീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ